## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*133

08-06-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.ഒ. ആർ. കേളു
,, പി. ഉണ്ണി
,, ആർ. രാജേഷ്
,, കെ.കുഞ്ഞിരാമൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഞ്ചുവർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറിലേക്ക് കൂടി നെൽകൃഷി വ്യാപിപ്പിക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; പുതുതായി കൃഷിയോഗ്യമാക്കിയ സ്ഥലത്തും നിലവിൽ കൃഷിയുണ്ടായിരുന്ന സ്ഥലത്തും സ്ഥിരമായി നെൽകൃഷി ഇറക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ നെൽകൃഷിയുടെ വിസ്തീർണ്ണം 1,97,000 ഹെക്ടർ ആയിരുന്നു. അഞ്ചു വർഷം കൊണ്ട് നെൽകൃഷി വിസ്തൃതി മൂന്നു ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. 2017-18 വർഷം 220449 ഹെക്ടറിൽ നെൽകൃഷി ചെയ്തിട്ടുണ്ട്. പുതുതായി കൃഷിയോഗ്യമാക്കിയ സ്ഥലത്തും നിലവിൽ കൃഷിയുണ്ടായിരുന്ന സ്ഥലത്തും സ്ഥിരമായി നെൽകൃഷി ഇറക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. |
| (ബി) | വിസ്തൃതി വർദ്ധനയ്ക്ക് ആനുപാതികമായി ഉല്പാദന വർദ്ധനവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഏതെങ്കിലും പദ്ധതിയുണ്ടോ; നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | വിസ്തൃതിവർദ്ധനയ്ക്ക് ആനുപാതികമായി ഉല്പാദനവർദ്ധനവുണ്ടായിട്ടുണ്ട്. 2016-17 വർഷം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 171398 ഹെക്ടർ വിസ്തൃതിയും 436483 ടൺ അരി ഉല്പാദനവും ആയിരുന്നു. ഹെക്ടറൊന്നിനു 2547 കിലോ ആയിരുന്നു ഉല്പാദനക്ഷമത. 2017-18 ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം അതു 220449 ഹെക്ടർ വിസ്തൃതിയും 617260 ടൺ അരി ഉല്പാദനവും ആയി വർദ്ധിച്ചു. ഹെക്ടറൊന്നിനു 2800 കിലോ ആയിരുന്നു ഉല്പാദനക്ഷമത.<br>ഉല്പാദനക്ഷമത ഓരോ വിത്തിന്റെയും ജനിതക സ്വഭാവമാണ്. അനുകൂലമായ സാഹചര്യങ്ങളിലാണ് അതു പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | പ്രതിഫലിപ്പിക്കുക. ഉപയോഗിച്ചിരിക്കുന്ന വിത്തിനു അനുകൂലമായ കാലവസ്ഥയും പരിചരണവും ലഭിച്ചാൽ പൂർണ്ണമായ ഉല്പാദനക്ഷമത പ്രദർശിപ്പിക്കും. ഗുണമേന്മയുള്ള വിത്ത്, സംയോജിത വളപ്രയോഗം, ശാസ്ത്രീയവും പ്രകൃതിസൗഹൃദവുമായ സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ, നടീലിനും വിളവെടുപ്പിനുമുള്ള യന്ത്രവൽക്കരണം എന്നിവയിലൂടെ വിളയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും ഉല്പാദനനഷ്ടം കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br>നെല്ലുസംഭരണം കാര്യക്ഷമമാക്കുവാനായി സപ്ലൈകോ മുഖാന്തിരമുള്ള നെല്ല് സംഭരണം കൂടുതൽ വ്യാപിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോ നേരിട്ടാണ് നെല്ലുസംഭരണം നടത്തുന്നത്.<br>കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പ് ഏജൻസിയാണ് സപ്ലൈകോ. ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നു. ഈ സീസണിൽ കിലോഗ്രാമിനു 23 രൂപ 30 പൈസ നിരക്കിലാണു കർഷകർക്ക് സംഭരണവില നൽകുന്നത്. കൂടാതെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി കേരളത്തിലെ എല്ലാ പ്രദേശത്തും കൃഷിവകുപ്പിൽ നിന്നും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ നെൽകൃഷിക്ക് നൽകി വരുന്ന സഹായം എന്തെല്ലാമെന്നും കേന്ദ്ര സർക്കാർ നൽകുന്ന സഹായം എന്തെല്ലാമെന്നും അറിയിക്കാമോ? | (സി) | 2016-17, 2017-18 വർഷങ്ങളിലെ പോലെ 2018-19 സാമ്പത്തിക വർഷത്തിലും നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കുന്നു. കൂടാതെ കേന്ദ്ര സഹായത്തോടെയും വിവിധ നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

* **സുസ്ഥിര നെൽകൃഷി**

2018-19 സാമ്പത്തിക വർഷം സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5500/- രൂപ സബ്സിഡി നിരക്കിൽ 6000 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

മുൻ വർഷങ്ങളിൽ ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപയായിരുന്നു സബ്സിഡി നൽകിയിരുന്നത്.

- **വികസന ഏജൻസികൾക്കുള്ള ഫണ്ട്-**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.
(ഓണാട്ടുകര വികസന ഏജൻസി, ഉറവൂർ കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ- പൊന്നാനി കോൾ വികസന ഏജൻസി, കൈപ്പാട് നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി. വയനാട് നെൽകൃഷി വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി , വൈക്കം കരിനില വികസന ഏജൻസി).

- **സവിശേഷ നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -**

സവിശേഷ നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, ഇടുക്കി. തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

* **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നു.

- **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2683.82 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകുന്നതിനും കരനെൽകൃഷി പാട സമിതി രജിസ്ട്രേഷനുമായി ആകെ 375 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

* **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500/- രൂപയും നൽകുന്നു. ഈയിനത്തിൽ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2878 ഹെക്ടർ തരിശുനിലത്തിൽ പുതുതായി നെൽകൃഷി പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കൽ**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1600 ഹെക്ടറിന് ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17(ചിങ്ങം 1)വരെ നെൽ വർഷമായി ആചരിച്ചിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസസ്ഥാപനങ്ങളും, നെൽകൃഷിയും തൊഴിലും, നെൽകൃഷിയും യുവജനവും, നെൽകൃഷിയിലെ നൂതന വിദ്യകൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും വിനോദസഞ്ചാരവും, നെൽകൃഷിയും കായിക മേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

ഇതുകൂടാതെ നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിനു സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കായ്പ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു 2018-19 ൽ 653.53 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന നോൺ പ്ലാൻ (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

* **നെൽകൃഷിക്ക് ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 1364.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

• **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചന ത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 3500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർസഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, ആർ കെ വി വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി** പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു.60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ചേർത്ത് 172.20 ലക്ഷം രൂപയുടെ പദ്ധതിക്ക് 2018-19 വർഷം കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷികയന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്.

**RAD-NMSA** തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിനു ഹെക്ടറൊന്നിനു 50% സബ്സിഡി (പരമാവധി 10000/- രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണവസ്തുക്കളുടെ പ്രയോഗത്തിനും, മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു. 2018-19 വർഷത്തിലേക്ക് 168.09 ലക്ഷം രൂപയുടെ വാർഷിക പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന** പ്രകാരം നെൽകൃഷിക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും ആവശ്യാധിഷ്ഠിതമായ ഉപയോഗത്തിനും ഊന്നൽ നൽകുന്നു.

ആർ കെ വി വൈ പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകത്തിനായി നടപ്പ് സാമ്പത്തിക വർഷം 4500 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിരുന്നില്ല. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കുന്ന പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നു.

അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലകവളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിനു 4500/- രൂപ ധനസഹായം നൽകുന്നു.

**സെക്ഷൻ ഓഫീസർ**